**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 135** **05-12-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട കോടതി സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട കോടതി സമുച്ചയത്തിന്റെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ അനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ? | (എ) | കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുളത്തുമ്മൽ വില്ലേജിലെ സർവ്വേ നമ്പർ 234/8, 234/13-ൽ 17.90 ആർ (44.225 സെന്റ്) ഭൂമിയിൽ 2017-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച കാട്ടാക്കട കോടതി സമുച്ചയത്തിന്റെ ആദ്യ ഘട്ടമായി പൈലിംഗ് ജോലികൾ പൂർത്തിയാക്കിയിരുന്നു. രണ്ടാം ഘട്ടമായി 525 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. നിർദ്ദിഷ്ട ഭൂമിക്ക് തണ്ണീർത്തട നിർമ്മാണ ക്ലിയറൻസ് ആവശ്യമായതിനാൽ പ്രവൃത്തിക്കുള്ള കരാർ നടപ്പാക്കാനായില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) 2018 പ്രകാരം ഭൂമി തരംമാറ്റി അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം PWD ജുഡീഷ്യൽ ബിൽഡിംഗ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ